**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 557** **21-03-2023 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന രീതിയിൽ വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന രീതിയിൽ വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ജനകീയ പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം , ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും, വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്കുള്ള പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു . ഇതോടൊപ്പം അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിയ പദ്ധതികളാണ് 'സ്ട്രീറ്റ് ', 'പെപ്പർ', 'മോഡൽ ആർ ടി വില്ലേജ് ' പദ്ധതികൾ . ഇതിനു പുറമെ ഗ്രൂപ്പുകളും ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവരും ഉൾപ്പെടുന്ന സ്ത്രീകളുടെ യാത്രയുടെ കുതിപ്പിന് ലോകമെമ്പാടും സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ , സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞു . |

| | | | |
|---|---|---|---|
| | | | ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക് ' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട് . കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'എക്സ്പീരിയൻസ് എത്തിക് ലോക്കൽ കുസീൻ നെറ്റ് വർക്ക് '. |
| (ബി) | മൂന്ന് വർഷത്തിനകം മുപ്പതിനായിരം സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ പതിനായിരം വനിതാ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് . ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 25 മുതൽ 28 വരെ കോട്ടയം കുമരകത്ത് വച്ച് നടന്ന പ്രഥമ ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടിയിൽ, ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായി , കേരള ടൂറിസവുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാ പത്രം ഒപ്പുവച്ചു . സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു .<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ സ്ത്രീ ശാക്തീകരണം കൂടി ലക്ഷ്യം വയ്ക്കുന്നവയാണ് . ഈ സാമ്പത്തിക വർഷം ഉത്തരവാദിത്ത ടൂറിസത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ 50 ശതമാനം തുക സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി നീക്കിവെക്കാൻ തീരുമാനിച്ചിട്ടുണ്ട് . എത്തിക് കുസിൻ, കരകൗശല നിർമ്മാണം, സ്ത്രീകൾ നടത്തുന്ന ഹോംസ്റ്റേകൾ, തുണി സഞ്ചി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ അനവധി മേഖലകളിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്ത് സ്വയം തൊഴിൽ ആരംഭിച്ച് വരുമാനവും നേടുന്നു . സംസ്ഥാന വ്യാപകമായി രജിസ്റ്റേഡ് ചെയ്തിട്ടുള്ള 23,786 യൂണിറ്റുകളിൽ 16660 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ് . നിലവിൽ നേരിട്ട് 24860 സ്ത്രീകൾ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വരുമാനമുണ്ടാക്കുന്നു. |
| (സി) | സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് സ്ത്രീകൾക്കായി പ്രത്യേകം ടൂർ പാക്കേജുകൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സ്ത്രീകൾക്കുവേണ്ടി പ്രത്യേക ടൂർ പാക്കേജുകൾ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മിഷനിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ/ സംരംഭകർ എന്നിവർ ഇപ്പോൾ ഇത്തരം പ്രത്യേക ടൂർ പാക്കേജുകൾ ആരംഭിച്ചിട്ടുണ്ട് .<br><br>ഒന്നര ലക്ഷത്തോളം സ്ത്രീകളെ ഉൾപ്പെടുത്തി സ്ത്രീ യാത്രികരും സ്ത്രീ സംരംഭകരും ചേർന്നുള്ള ഒരു വിപുലമായ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര ശൃംഖല രൂപപ്പെടുത്തുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമാക്കുന്നത്. ആയിരത്തോളം സ്ത്രീകൾ രജിസ്റ്റർ ചെയ്ത ഈ പദ്ധതിയിൽ ഓൺലൈൻ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും, കേരളത്തെ മുഴുവനായും ഒരു സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുവാനുമാണ് ഇതു വഴി ലക്ഷ്യമാക്കുന്നത്. |
| (ഡി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | വിനോദസഞ്ചാര മേഖലയിൽ വിനോദസഞ്ചാരികളായ സ്ത്രീകളുടെ സുരക്ഷയ്ക്ക് പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട് . സർക്കാരിന്റെ പൊതു കാഴ്ചപ്പാടിന്റെ ഭാഗമായി പ്രത്യേക പരിശീലനം ലഭിച്ച 184 വിനോദസഞ്ചാര പോലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട് .<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ് . ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ